ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 19.03.2024 TIME : 07.25 AM

# പ്രധാന വാർത്തകൾ

1. **ഫലപ്രദവും മികച്ചതുമായ ഭരണ നിർവഹണത്തിന് നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.**

   **President Draupadi Murmu has asked Civil Services Officers to make use of the latest technologies for effective and efficient governance.**

2. **ലോക് സഭാ തിരഞ്ഞെടുപ്പിനുള്ള ഒന്നാം ഘട്ട വിജ്ഞാപനം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നാളെ പുറപ്പെടുവിക്കും. ആദ്യ ഘട്ട വോട്ടെടുപ്പ് 21 സംസ്ഥാനങ്ങളിലെ 102 മണ്ഡലങ്ങളിൽ.**

   **The Central Election Commission will issue the first phase notification for the Lok Sabha elections tomorrow. The first phase of polling will be held in 102 constituencies of 21 states.**

3. **പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി എൻ.ഡി.എ മുന്നണിയുടെ തിരഞ്ഞെടുപ്പ് പ്രചരണാർത്ഥം ഇന്ന് പാലക്കാട് നഗരത്തിൽ റോഡ് ഷോ നടത്തും.**

   **Prime Minister and senior BJP leader Narendra Modi will hold a road show in Palakkad city today for the NDA candidates' election campaign.**

4. **ഇലക്ടറൽ ബോണ്ടുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും വ്യാഴാഴ്ചയ്ക്കുള്ളിൽ വെളിപ്പെടുത്താൻ എസ്ബിഐയ്ക്ക് സുപ്രീം കോടതിയുടെ നിർദ്ദേശം.**

   **Supreme Court directs SBI to make complete disclosure of electoral bond details by Thursday.**

5. **കേരളം അത്യുഷ്ണത്തിന്റെ പിടിയിൽ. 10 ജില്ലകളിൽ നാളെവരെ കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മഞ്ഞ ജാഗ്രത.**

**Kerala is in the grip of extreme heat. Central Meteorological Department issues yellow alert till tomorrow in 10 districts.**

6. **സ്വിസ് ഓപ്പൺ സൂപ്പർ 300 ബാഡ്മിന്റൺ ടൂർണമെന്റിന് ഇന്ന് സ്വിറ്റ്സർലൻഡിലെ ബാസലിൽ തുടക്കമാകും.**

**The Swiss Open Super 300 Badminton Tournament will begin today in Basel, Switzerland.**

*********************************************

## PREZ - CIVIL OFFICERS – (INTRO)

ഫലപ്രദവും മികച്ചതുമായ ഭരണ നിർവഹണത്തിന് നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. സിവിൽ സർവീസസ് ഓഫീസർമാരുടെ 125-ാമത് ഇൻഡക്ഷൻ പരിശീലന പരിപാടി അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.

**വിശദാംശങ്ങളിലേക്ക്.......**

## – (VOICE....)

സമ്പന്നവും വൈവിധ്യമാർന്നതുമായ അനുഭവങ്ങളുള്ള പുതിയ ആശയങ്ങളുടെയും പുതിയ സാങ്കേതികവിദ്യയുടെയും സംയോജനം ഭരണ നിർവഹണത്തിൽ നിർണായക പങ്ക് വഹിക്കുമെന്ന് രാഷ്ട്രപതി അഭിപ്രായപ്പെട്ടു. നിർമ്മിത ബുദ്ധി, ബ്ലോക്ക്ചെയിൻ, ബിഗ് ഡാറ്റ അനലിറ്റിക്സ് തുടങ്ങിയ അത്യാധുനിക സാങ്കേതിക വിദ്യകൾ ഭരണനിർവഹണത്തിൽ ഉപയോഗപ്പെടുത്തണമെന്ന് രാഷ്ട്രപതി സിവിൽ സർവീസ് ഓഫീസർമാരോട് ആവശ്യപ്പെട്ടു. വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ളതുമായ പ്രവർത്തനശൈലിക്ക് ഉദ്യോഗസ്ഥർ പ്രാധാന്യം നൽകണം. ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഭീഷണികൾ ലോകം

അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ, പരിസ്ഥിതി സൗഹൃദ സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിനും സുസ്ഥിരത പ്രോത്സാഹിപ്പിക്കുന്നതിനും നൂതനമായ നടപടികൾ കൈക്കൊള്ളേണ്ടത് അത്യാവശ്യമാണെന്നും ചടങ്ങിൽ രാഷ്ട്രപതി പറഞ്ഞു. ഇന്ന് രാഷ്ട്രപതി ഭവനിൽ നടക്കുന്ന ചടങ്ങിൽ സ്റ്റേറ്റ് സിവിൽ സർവീസ് ഉദ്യോഗസ്ഥരെ രാഷ്ട്രപതി അഭിസംബോധന ചെയ്യും.

ന്യൂസ് ഡെസ്ക് ആകാശവാണി ....

*********************************************

# 1ST PHASE ELECTION

ലോക് സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം രാജ്യത്ത് ഊർജിതം. ഒന്നാംഘട്ട തെരഞ്ഞെടുപ്പിൻറെ വിജ്ഞാപനം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നാളെ പുറപ്പെടുവിക്കും. 21 സംസ്ഥാനങ്ങളിലെ 102 മണ്ഡലങ്ങളിലാണ് ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ്. ബിഹാർ ഒഴികെയുള്ള സംസ്ഥാനങ്ങളിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഈ മാസം 27 വരെയാണ്. പത്രികയുടെ സൂക്ഷ്മപരിശോധന 28-ന് നടക്കും. പത്രികകൾ 30 വരെ പിൻവലിക്കാം. ബിഹാറിൽ പത്രിക സമർപ്പിക്കാനുള്ള സമയപരിധി 20 വരെയും, സൂക്ഷ്മ പരിശോധന 30 നുമാണ്. ഏപ്രിൽ 19 നാണ് ഒന്നാം ഘട്ട ലോക്സസഭാ തെരഞ്ഞെടുപ്പിലേക്കുള്ള വോട്ടെടുപ്പ്. വോട്ടെണ്ണൽ ജൂൺ നാലിന് നടക്കും.

*********************************************

# PM PALAKKAD VISIT

ബിജെപിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കേരളത്തിലെത്തും. പാലക്കാട് നഗരത്തിൽ പ്രധാനമന്ത്രി റോഡ് ഷോ നടത്തും. രാവിലെ പത്ത് മണിയോടെ കോട്ടമൈതാനം അഞ്ചുവിളക്കിൽ നിന്ന്

ആരംഭിക്കുന്ന റോഡ്ഷോ സുൽത്താൻ പേട്ട വഴി ഹെഡ് പോസ്റ്റോഫീസ് റോഡിൽ സമാപിക്കും. റോഡ് ഷോയുടെ ഭാഗമായി ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. രാവിലെ മേഴ്സി കോളേജ് ഗ്രൗണ്ടിൽ ഹെലികോപ്റ്ററിൽ വന്നിറങ്ങുന്ന പ്രധാനമന്ത്രി റോഡ് മാർഗം കോട്ടമൈതാനത്ത് എത്തും. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ശേഷമുള്ള പ്രധാനമന്ത്രിയുടെ ആദ്യ കേരള സന്ദർശനമാണിത്.

********************************************

## ELECTION – STATES

ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി ആറ് സംസ്ഥാനങ്ങളിലെ ആഭ്യന്തര സെക്രട്ടറിമാരെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്തു. ഗുജറാത്ത്, ഉത്തർപ്രദേശ്, ബിഹാർ, ഝാർഖണ്ഡ്, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിലെ ഹോം സെക്രട്ടറിമാരെയാണ് മാറ്റിയത്. മിസോറം, ഹിമാചൽ പ്രദേശ് എന്നിവിടങ്ങളിലെ ജനറൽ അഡ്മിനിസ്ട്രേറ്റീവ് വകുപ്പ് സെക്രട്ടറിമാരെയും മാറ്റി. കൂടാതെ, ബ്രിഹൻമുംബൈ മുനിസിപ്പൽ കമ്മീഷണറെയും അഡീഷണൽ കമ്മീഷണർമാരെയും ഡെപ്യൂട്ടി കമ്മീഷണർമാരെയും നീക്കം ചെയ്യാനും കമ്മീഷൻ ഉത്തരവിട്ടു. ഐപിഎസ് ഉദ്യോഗസ്ഥൻ വിവേക് സഹായ് യെ പുതിയ പശ്ചിമ ബംഗാൾ ഡിജിപിയായി നിയമിച്ചു.

********************************************

## EC-PREZ

തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഗ്യാനേഷ് കുമാറും ഡോ. സുഖ്ബീർ സിംഗ് സന്ധുവും രാഷ്ട്രപതി ദ്രൗപതി മുർമുവുമായി കൂടിക്കാഴ്ച നടത്തി. ഇന്നലെ രാഷ്ട്രപതി ഭവനിലായിരുന്നു കൂടിക്കാഴ്ച. കഴിഞ്ഞയാഴ്ചയാണ് ഇരുവരും തിരഞ്ഞെടുപ്പ് കമ്മീഷണർമാരായി ചുമതലയേറ്റത്.

********************************************

## ELECTION CAMPAIGN - TVM

തൃകോണ മത്സരം നടക്കുന്ന തിരുവനന്തപുരം ലോക് സഭാ മണ്ഡലത്തിൽ ഇന്ന് മൂന്ന് മുന്നണികളുടെയും സ്ഥാനാർത്ഥികൾ വിവിധയിടങ്ങളിൽ പര്യടനം നടത്തും. സിറ്റിംഗ് എം പിയും യു ഡി എഫ് സ്ഥാനാർത്ഥിയുമായ ശശി തരൂരിന്റെ തിരഞ്ഞെടുപ്പ് കൺവെൻഷൻ രാവിലെ ഇടപ്പഴിഞ്ഞി ആർ.ഡി.ആർ.ഹാളിൽ നടക്കും. മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല കൺവെൻഷൻ ഉദ്ഘാടനം ചെയ്യും.

എൽഡിഎഫ് സ്ഥാനാർത്ഥി പന്ന്യൻ രവീന്ദ്രന്റെ ഇന്നത്തെ പര്യടനം രാവിലെ ആരംഭിക്കും. വട്ടിയൂർക്കാവ് മണ്ഡലത്തിലെ വിവിധ സ്ഥാപനങ്ങൾ, തൊഴിൽ ശാലകൾ, തുടങ്ങിയ സ്ഥലങ്ങൾ അദ്ദേഹം സന്ദർശിക്കും. എൻ ഡി എ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർ നേമം, തിരുവനന്തപുരം വെസ്റ്റ് എന്നീ നിയമസഭാ മണ്ഡലങ്ങളിൽ തിരെഞ്ഞെടുപ്പ് പ്രചാരണത്തിനായി എത്തും.

*********************************************

## ELECTION COMPLAINT - KOLLAM

കൊല്ലം ലോക്സഭാ മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ അട്ടിമറിക്കാൻ ശ്രമം നടക്കുന്നുവെന്നാരോപിച്ച് യു.ഡി.എഫ്. കൊല്ലം പാർലമെന്റ് തിരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാൻ ജില്ലാ കളക്ടർക്കും, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർക്കും പരാതി നൽകി. കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും പരാതിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

*********************************************

## ELECTORAL BOND

ഇലക്ടറൽ ബോണ്ടുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും മാർച്ച് 21 നകം വെളിപ്പെടുത്താൻ എസ്ബിഐയ്ക്ക് സുപ്രീം കോടതിയുടെ നിർദ്ദേശം. ബോണ്ട് വാങ്ങിയവരെയും, സ്വീകരിച്ച രാഷ്ട്രീയ പാർട്ടിയേയും ബന്ധിപ്പിക്കുന്ന തിരിച്ചറിയൽ നമ്പർ അടക്കം വെളിപ്പെടുത്തണമെന്നാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. വിവരങ്ങൾ സമ്പൂർണ്ണമായും വെളിപ്പെടുത്തണമെന്ന കാര്യത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് ഒരു സംശയത്തിൻറെയും ആവശ്യമില്ലെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഢ് വ്യക്തമാക്കി. എല്ലാ വിവരങ്ങളും വെളിപ്പെടുത്തിയെന്ന സത്യവാങ്മൂലം മാർച്ച് 21 ന് വൈകുന്നേരം 5 മണിക്ക് മുൻപ് സമർപ്പിക്കണമെന്നും എസ്ബിഐ ചെയർമാനോട് സുപ്രീംകോടതി നിർദ്ദേശിച്ചു.

*********************************************

## CAA

പുതുതായി വിജ്ഞാപനം ചെയ്ത പൗരത്വ ഭേദഗതി ചട്ടങ്ങൾ 2024 സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികൾ സുപ്രീം കോടതി ഇന്ന് പരിഗണിക്കും. കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതിന് പിന്നാലെ കേരളം സർക്കാർ, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് ഉൾപ്പെടെ നിരവധി ഹർജിക്കാർ സുപ്രീം കോടതിയെ സമീപിച്ചിരുന്നു.

*********************************************

## PM – PUTIN

തുടർച്ചയായി അഞ്ചാം തവണയും റഷ്യൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട വ്ലാഡിമിർ പുടിനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. സമൂഹ മാധ്യമ പോസ്റ്റിലാണ് അദ്ദേഹം അഭിനന്ദനം അറിയിച്ചത്. ഇന്ത്യ - റഷ്യ സഹകരണം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഒരുമിച്ചു പ്രവർത്തിക്കുമെന്ന് ശ്രീ നരേന്ദ്ര മോദി പറഞ്ഞു.

*********************************************

## IGNCA-FOUNDATION DAY

ഇന്ദിരാഗാന്ധി നാഷണൽ സെന്റർ ഫോർ ആർട്സിന്റെ 37-ാമത് സ്ഥാപക ദിനം ഇന്നുമുതൽ ന്യൂഡൽഹിയിൽ ആഘോഷിക്കും. മൂന്ന് ദിവസത്തെ പരിപാടിയിൽ ശാസ്ത്രീയ സംഗീതം, ഉപകരണസംഗീതം, നൃത്തം, ശിൽപശാലകൾ, എന്നിവ ഉൾപ്പെടെ വിവിധ പരിപാടികൾ നടക്കും. വൈകുന്നേരം 5 മണി മുതൽ പരിപാടിയിലേക്ക് പ്രവേശനം അനുവദിക്കും. പ്രവേശനം സൗജന്യമാണ്.

*********************************************

## HEAT WAVE

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. 10 ജില്ലകളിൽ ഈ മാസം 20 വരെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. പാലക്കാട്, കൊല്ലം ജില്ലകളിൽ ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ ഉയർന്ന താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, എറണാകുളം, കണ്ണൂർ ജില്ലകളിൽ താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്.

*********************************************

## SWISS OPEN

സ്വിസ് ഓപ്പൺ സൂപ്പർ 300 ബാഡ്മിന്റൺ ടൂർണമെന്റിന് ഇന്ന് സ്വിറ്റ്സർലൻഡിലെ ബാസലിൽ തുടക്കമാകും. പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ മലേഷ്യയുടെ ലിയോങ് ജുൻ ഹാവോയെയും, കിഡംബി ശ്രീകാന്ത് തായ്‌വാന്റെ വാങ് ത്സു-വെയെയും നേരിടും.

*********************************************

## WRESTLING

ദേശീയ ഗുസ്തി ഫെഡറേഷന്റെ പ്രവർത്തനങ്ങൾക്കായി രൂപവത്കരിച്ച അഡ്-ഹോക്ക് കമ്മിറ്റി ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പിരിച്ചുവിട്ടു. കഴിഞ്ഞ വർഷം ഡിസംബറിൽ കായിക മന്ത്രാലയം റസലിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യയെ സസ്പെൻഡ് ചെയ്തതിനെ തുടർന്നാണ് കമ്മിറ്റി രൂപവത്കരിച്ചത്.

*******************************************

## MIAMI OPEN TENNIS

മിയാമി ഓപ്പൺ ടെന്നിസിൽ ഇന്ത്യൻ ബാഡ്മിന്റൺ താരം സുമിത് നാഗൽ അടുത്ത റൗണ്ടിൽ പ്രവേശിച്ചു. കനേഡിയൻ താരം ഗബ്രിയേൽ ടിയല്ലോയെ നേരിട്ടുള്ള സെറ്റുകൾക്ക് പരാജയപ്പെടുത്തിയാണ് അടുത്ത റൗണ്ടിൽ കടന്നത്.

*******************************************

## HOCKEY AUSTRALIA TOUR

ഏപ്രിൽ 6-ന് ഓസ്ട്രേലിയയിലെ പെർത്തിൽ ആരംഭിക്കുന്ന ഹോക്കി ടൂർണമെന്റിനുള്ള 27 അംഗ ഇന്ത്യൻ പുരുഷ ടീമിനെ പ്രഖ്യാപിച്ചു. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഹർമൻപ്രീത് സിംഗാണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്. ടൂർണമെന്റിലെ രണ്ടാമത്തെ മത്സരം ഏപ്രിൽ 7 നും തുടർന്നുള്ള മത്സരങ്ങൾ ഏപ്രിൽ **10, 12, 13** തീയതികളിലും നടക്കും.

*******************************************

## IMD WARNING

ഒഡീഷ, ഛത്തിസ്ഗഢ്, പശ്ചിമ ബംഗാൾ, ഝാർഖണ്ഡ് എന്നിവിടങ്ങളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അടുത്ത നാല് ദിവസം ഒഡീഷയിലും പശ്ചിമ ബംഗാളിലും മഴ തുടരാനാണ് സാധ്യത. മറ്റിടങ്ങളിൽ മഴയോടൊപ്പം ശക്തമായ ഇടിമിന്നലിനും കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു.

**********************************************

## SABARIMALA

ശബരിമലയിൽ മൂന്നാം ഉത്സവദിനമായ ഇന്നലെ ഉത്സവബലി ചടങ്ങുകൾ നടന്നു. 24-ന് ശരംകുത്തിയിലേക്ക് പള്ളിവേട്ട എഴുന്നള്ളത്ത് നടക്കും. പൈങ്കുനി ഉത്രം നാളായ 25-ന് ഉച്ചയ്ക്ക് 11.30-നാണ് പമ്പയിൽ ആറാട്ട് നടക്കുക. ഉത്സവത്തോട നുബന്ധിച്ച് ദിവസവും കൊടിമരച്ചുവട്ടിലും ആറാട്ടുദിനമായ 25-ന് പമ്പയിലും പറ വഴിപാട് നടത്താനാകുമെന്ന് ദേവസ്വം അധികൃതർ അറിയിച്ചു.

**********************************************

## PATHANAMTHITTA- CHICKEN POX

പത്തനംതിട്ട ജില്ലയിൽ ചിക്കൻപോക്സ് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

**********************************************

## KOLKATA BUILDING COLLAPSE

കൊൽക്കത്തയിൽ നിർമാണത്തിലിരുന്ന കെട്ടിടം തകർന്ന് വീണ് മരിച്ചവരുടെ എണ്ണം 10 ആയി. നിരവധി പേർ അവശിഷ്ടങ്ങൾ ക്കിടയിൽ കുടുങ്ങി കിടക്കുന്നുണ്ട്. ഗവർണർ സി വി ആനന്ദ ബോസ്, മുഖ്യമന്ത്രി മമത ബാനർജി തുടങ്ങിയവർ അപകട സ്ഥലം സന്ദർശിച്ചു. കെട്ടിടം നിർമിക്കുന്നതിന് മുൻപ് തടാകം നികത്തിയതായി ആരോപണമുണ്ട്. ഇന്നലെയാണ് 5 നിലകളുള്ള കെട്ടിടം തകർന്ന് അപകടം.

**********************************************

## KARGIL-FOOD PACKAGING TRAINING

ലഡാക്കിൽ, കാർഗിലിലെ പ്രാദേശിക സംരംഭകർ ഭക്ഷണ പാക്കേജിംഗിലും ലേബലിംഗ് നിലവാരത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് സംഘടിപ്പിച്ച മൂന്ന് ദിവസത്തെ പരിശീലന പരിപാടി സമാപിച്ചു. ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുമായി സഹകരിച്ച് കാർഗിൽ ജില്ലാ വ്യവസായ കേന്ദ്രമാണ് പരിപാടിക്ക് ആതിഥേയത്വം വഹിച്ചത്. ഭക്ഷ്യ മേഖലയിലെ നിയന്ത്രണങ്ങൾ പാലിക്കുന്നതിന് പങ്കാളികളെ പ്രാപ്തരാക്കുക എന്നതായിരുന്നു പരിപാടിയുടെ ലക്ഷ്യം.

*****************************************************

## UAPA - J&K

ജമ്മു കശ്മീരിലെ മുസ്ലീം കോൺഫറൻസ് (ഭട്ട് വിഭാഗം), മുസ്ലീം കോൺഫറൻസ് (സുംജി വിഭാഗം) എന്നിവയെ നിയമവിരുദ്ധ സംഘടനകളായി പ്രഖ്യാപിക്കുന്നതിന് മതിയായ കാരണമുണ്ടോ എന്ന് തീർപ്പാക്കാൻ കേന്ദ്ര സർക്കാർ നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ട്രൈബ്യൂണൽ രൂപീകരിച്ചു. ഡൽഹി ഹൈക്കോടതിയിലെ ജസ്റ്റിസ് നീന ബൻസാൽ കൃഷ്ണ അടങ്ങുന്നതാണ് ട്രൈബ്യൂണൽ.

UAPA നിയമപ്രകാരം കഴിഞ്ഞ മാസം ഇരു സംഘടനകളെയും അഞ്ച് വർഷത്തേക്ക് കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിരോധിച്ചിരുന്നു.

*****************************************************

*************************************

********************